# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1050** **30.01.2019-ൽ മറുപടിയ്ക്ക്**

**വിദേശ നിർമ്മിത മദ്യം**

| **ചോദ്യം**<br>**ശ്രീ.** സണ്ണി ജോസഫ് | **ഉത്തരം**<br>**ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
|---|---|
| **(എ)** വിദേശ നിർമ്മിത മദ്യം സംസ്ഥാനത്ത് വിൽക്കുന്നതിനായി പുതിയ ബ്രാന്റുകൾക്ക് ലേബൽ, ബ്രാന്റ് രജിസ്ട്രേഷൻ എന്നീ ഇനങ്ങളിൽ എക്സൈസ് വകുപ്പിന് വരുമാനം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | **എ)** ഉണ്ട്. ലേബൽ അപ്രൂവൽ ഫീസിനത്തിൽ ഒരു ലേബലിന് 25,000/-രൂപയും (ഇരുപത്തി അയ്യായിരം രൂപ മാത്രം) ഒരു ബ്രാന്റ് രജിസ്റ്റർ ചെയ്യുന്നതിന് 50,000/- രൂപയുമാണ് (അമ്പതിനായിരം രൂപ മാത്രം) നിശ്ചയിച്ചിട്ടുള്ളത്. |
| **(ബി)** സർക്കാരിന്റെ പുതിയ മദ്യനയത്തിന്റെ ഭാഗമായി വിദേശ നിർമ്മിത മദ്യം സംസ്ഥാനത്ത് വിൽക്കുവാൻ അനുമതി നൽകിയതിലൂടെ മേൽപ്പറഞ്ഞ ഇനങ്ങളിൽ സർക്കാരിന് ഇതിനകം എത്ര വരുമാനം ലഭിച്ചെന്ന് വ്യക്തമാക്കാമോ; | **ബി)** വിദേശ നിർമ്മിത വിദേശ മദ്യ ലേബൽ അംഗീകരിച്ച് നൽകിയ ഇനത്തിൽ 2018-19 വർഷത്തിൽ 91,00,000/-രൂപയും (തൊണ്ണൂറ്റി ഒന്ന് ലക്ഷം രൂപ മാത്രം), ബ്രാന്റ് രജിസ്റ്റർ ചെയ്ത് നൽകിയ ഇനത്തിൽ തൻ വർഷം 31,00,000/- രൂപയും (മുപ്പത്തൊന്ന് ലക്ഷം രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. |
| **(സി)** ഏതെങ്കിലും ഒരു ലേബലിൽ ചെറിയ മാറ്റം വരുത്തുന്ന സാഹചര്യത്തിൽ അവയ്ക്ക് പുതുതായി രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ; വിശദമാക്കാമോ; | **സി)** ഉണ്ട്. നിലവിലെ ചട്ടപ്രകാരം ലേബലുകൾക്ക് മാറ്റം വരുത്തുന്ന സാഹചര്യത്തിൽ അത്തരം ലേബലുകൾക്ക് പുതുതായി അംഗീകാരം വാങ്ങേണ്ടതാണ്. പുതുതായി ലേബൽ അംഗീകരിച്ച് നൽകുന്നതിന് ലേബൽ ഒന്നിന് 25,000/-രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം ) ഫീസ് നൽകേണ്ടതാണ്. |
| **(ഡി)** ഇപ്രകാരം പുതുതായി രജിസ്ട്രേഷൻ എടുത്ത വകയിൽ എക്സൈസ് വകുപ്പിന് 2018 ൽ ലഭിച്ച വരുമാനം എത്രയാണെന്നറിയിക്കാമോ? | **ഡി)** 2018-ൽ ഇപ്രകാരം വിദേശ നിർമ്മിത മദ്യത്തിന്റെ അംഗീകാരം നൽകിയ ലേബലിൽ മാറ്റം വരുത്തിയ ഇനത്തിൽ വരുമാനം ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

Santhosh

**സെക്ഷൻ ഓഫീസർ**